പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4205** 16..12..2014 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമയബന്ധിതമായി തീർക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;<br>(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി അറിയുന്നതിനായി കണക്കുകൾ യഥാസമയം പൂർത്തിയാക്കി ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സമയബന്ധിതമായി തീർക്കുന്നതിന്റെ ഭാഗമായി ആഡിറ്റ് കുടിശ്ശികയുള്ള കമ്പനികളെ പ്രത്യേകം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. |
| (സി) പൊതുമേഖലാ സ്ഥാപനങ്ങളിലും വ്യവസായ വകുപ്പിലും ഇതിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;<br>(ഡി) പൊതു മേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നറിയാൻ സർക്കാർ തലത്തിൽ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം? | (സി) & (ഡി) പൊതുമേഖലാസ്ഥാപനങ്ങളിൽ ഇൻേറണൽ ആഡിറ്റിംഗ് ശക്തമാക്കി. ഇതിനായി ആഡിറ്റേഴ്സിന്റെ ഒരു പാനൽ തയ്യാറാക്കി ഇതിൽ നിന്നും ആഡിറ്ററെ നിയമിക്കാനുള്ള നിർദ്ദേശം എല്ലാ കമ്പനികൾക്കും നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ധനകാര്യ വിഭാഗത്തിൽ ആ മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരുടെ സേവനം ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. ബോർഡ് തലത്തിൽ ആഡിറ്റ് കമ്മറ്റി രൂപീകരിച്ച് കൃത്യമായ നിരീക്ഷണ വിലയിരുത്തൽ നടത്തി വരുന്നു. സ്ഥാപനങ്ങളുടെ ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ പുരോഗതി RIAB-മുഖേന അവലോകനം ചെയ്തുവരുന്നുണ്ട്. RIAB-ന്റെ ബോർഡ് അംഗങ്ങൾ നടത്തുന്ന കമ്പനികളുടെ പ്രത്യേക അവലോകനത്തിൽ ഇൻേറണൽ ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശകലനവും നടത്തിവരുന്നു. സർക്കാർ തലത്തിലും ആഡിറ്റുകളുടെ പൂർത്തീകരണം സംബന്ധിച്ച പ്രത്യേക അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. കൂടാതെ, സ്ഥാപനങ്ങളുടെ ഇൻേറണൽ ആഡിറ്റ് റിപ്പോർട്ടിന്റെ വിശദമായ അവലോകനവും നടത്തിവരുന്നു. ഇതു കൂടാതെ അക്കൗണ്ടൻറ് ജനറലിന്റെ ഓഫീസിൽ നിന്നുള്ള ആഡിറ്റ് സംവിധാനവും നിലവിലുണ്ട്. |

Hanu

സെക്ഷൻ ഓഫീസർ